*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSS/2021** **22/11/2021**

# സർക്കുലർ

**വിഷയം: രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രവേശനം :പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :1) ഇതേ നമ്പറിൽ 16/11/2021 ലെ സർക്കുലർ.**

**2) ഇതേ നമ്പറിൽ 25/10/2021 ലെ സർക്കുലർ.**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 അധ്യയന വർഷത്തെ ഹയർ സെക്കൻണ്ടറി പ്രവേശനത്തെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ സൂചന 2 സർക്കുലറിലൂടെ പ്രിൻസിപ്പൽമാർക്ക് നല്കിയിട്ടുള്ളതാണ്. കർശന ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം പ്രവേശനം നടപ്പിലാക്കേണ്ടത്.

ഏകജാലക സംവിധാനത്തിൻെറ ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും തമിഴ്നാട് സംസ്ഥാന ബോർഡിൽ നിന്നും പത്താം ക്ലാസ് പാസായവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ 2021 നവംബർ 19 ന് വൈകിട്ട് 4 മണി വരെ അവസരം നൽകിയിരുന്നു. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആകെ ഉണ്ടായിരുന്ന 39410 വേക്കൻസിയിൽ പരിഗണിക്കുന്നതിനായി ലഭിച്ച 35,399 കൺഫർമേഷൻ ചെയ്യപ്പെട്ട അപേക്ഷകളിൽ 35160 അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുകയുണ്ടായി. സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിച്ചതിനുശേഷം മറ്റ് ക്വാട്ടകളിൽ പ്രവേശനം നേടിയ 239 അപേക്ഷകളും ഓപ്ഷനില്ലാത്തതും മറ്റ് കാരണങ്ങളാൽ അർഹതയില്ലാത്തതുമായ 1350 അപേക്ഷകളും സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിച്ചിട്ടില്ല. സംവരണ തത്വം

അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെൻറിന് പരിഗണിച്ചിട്ടുള്ളത്.

സപ്ലിമെൻററി അലോട്ട്മെൻറ് പ്രകാരമുള്ള പ്രവേശനം 2021 നവംബർ 23 ന് ഉച്ചയ്ക്ക് 2 മണി മുതൽ 2021 നവംബർ 26 നു വൈകിട്ട് 5 മണിവരെയുള്ള നിർദ്ദിഷ്ഠ സമയക്രമമനുസരിച്ചായിരിക്കണം നടത്തേണ്ടത്. അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.

അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അലോട്ട്മെൻറ് ലെറ്റർ അഡ്മിൻ യൂസറിലെ **"Print Allotment Letter"**എന്ന മെനുവിലൂടെ പ്രിൻറ് എടുത്ത് പ്രവേശന സമയത്ത് നൽകേണ്ടതാണ്. അലോട്ട്മെൻറ് ലെറ്ററിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കി സാധുത ഉറപ്പാക്കി വേണം പ്രവേശനം നൽകേണ്ടത്.

അലോട്ട്മെൻറ് ലഭിച്ചവർക്ക് അവർ പ്രവേശനം നേടേണ്ട സമയവും ദിവസവും അനുവദിച്ച് നൽകിയിട്ടുണ്ട്. അലോട്ട്മെൻറ് ലെറ്ററിലെ സമയ ക്രമമനുസരിച്ച് വേണം പ്രവേശനം നടപ്പിലാക്കേണ്ടത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് നിർദ്ദിഷ്ഠസമയത്ത് പ്രവേശനം നേടാൻ കഴിയില്ലെങ്കിൽ ആയത് മുൻകൂട്ടി സ്കൂൾ പ്രിൻസിപ്പാളിനെ അറിയിക്കുമ്പോൾ പ്രവേശനത്തിനായി മറ്റൊരു സമയം പ്രവേശന പരിധിയുടെ അവസാന ദിവസത്തിനു മുൻപായി അനുവദിച്ച് നൽകേണ്ടതാണ്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്രിട്ടിക്കൽ / കണ്ടയിൻമെൻറ് സോണിലുള്ളവർ, കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവർ എന്നിവർക്ക് പ്ലസ് വൺ പ്രവേശനം നേടുന്നതിന് അവസാന തീയതിയ്ക്ക് മുൻപായി നേരിട്ട് സ്കൂളിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം 2021 നവംബർ 23 മുതൽ നവംബർ 26 നു വൈകിട്ട് 4 മണിവരെ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ സ്കൂളിൽ ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് കാൻഡിഡേറ്റ് ലോഗിനിലെ **"Online Joining"** എന്ന ലിങ്കിലൂടെ പ്രവേശനത്തിനു ഹാജരാക്കേണ്ടുന്ന സർട്ടിഫിക്കട്ടുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ (ഓരൊ സർട്ടിഫിക്കറ്റും 100kbയിൽ താഴെ ഫയൽ വലിപ്പമുള്ള**PDF** ഫൊർമാറ്റിലുള്ള

സ്കാൻഡ് ഫയൽ ആയി) അപ്‌ലോഡ് ചെയ്ത് സ്കൂളിലേക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്. സ്കൂൾ പ്രിൻസിപ്പാൾ അഡ്മിൻ ലോഗിനിലെ **Verify Online Admission** എന്ന ലിങ്കിലൂടെ വിദ്യാർത്ഥികൾ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ സാധുത ഉറപ്പാക്കി പ്രവേശനത്തിന് അനുമതി / നിരാകരിക്കൽ അതത് ദിവസം അല്ലെങ്കിൽ 2021 നവംബർ 26 ന് വൈകിട്ട് 4 മണിക്കുള്ളിൽ നല്കുന്നതാണ്. സ്ഥിര പ്രവേശനത്തിന് അനുമതി ലഭിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി ഫീസടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

പ്രവേശന വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങൾ അപ്‌ഡേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ **HITC** യൂസറിലാണ് ലഭ്യമാകുന്നത്. **HITC**യാണ് അഡ്മിഷൻ വിവരങ്ങൾ ഓൺലൈനായി അപ്‌ഡേറ്റ് ചെയ്യേണ്ടത്. പ്രിൻസിപ്പൽ രേഖാമൂലം നൽകുന്ന പ്രവേശന വിവരങ്ങൾ **HITC** കൃത്യതയോടെ അതത് ദിവസം തന്നെ രേഖപ്പെടുത്തണം.

**പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നോൺ ജോയിനിങ്ങ് വിവരങ്ങൾ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സമയ പരിധിയുടെ അവസാന ദിവസമാണ് രേഖപ്പെടുത്തേണ്ടത്.** എന്നാൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനം നിരസിക്കുന്ന വിദ്യാർത്ഥികളെ **DENIAL** ആയി രേഖപ്പെടുത്തി നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തണം.

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രകാരമുള്ള പ്രവേശനം പൂർത്തിയാകുമ്പോൾ ലഭ്യമാകുന്ന ഒഴിവുകളോടൊപ്പം സീറ്റിന്റെ താൽക്കാലിക ആവശ്യകത പരിഗണിച്ച് താൽക്കാലിക ബാച്ചുകൾ അനുവദിക്കുമ്പോൾ ലഭ്യമാകുന്ന സീറ്റുകളും ചേർത്തുള്ള സ്കൂൾതല വേക്കൻസി ജില്ല/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി 2021 നവംബർ 29 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ/ സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. പ്രവേശനം നേടിയ ജില്ലയ്ക്കകത്തോ/മറ്റൊരു ജില്ലയിലേയ്ക്കോ സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ, സ്കൂളിലെ മറ്റൊരു

കോമ്പിനേഷനിലേയ്ക്കൊ കാൻഡിഡേറ്റ് ലോഗിനിലെ **Apply for School/Combination Transfer** എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ് . സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ 2021 നവംബർ 29 ന് പ്രസിദ്ധീകരിക്കുന്നതാണ്.

ജില്ല/ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രൻസ്ഫറിനു ശേഷം അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കായി ഒരു സപ്ലിമെൻററി അലോട്ട്മെൻറ് കൂടി നടത്തുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ